*'CORRUPTION, A CRIME AGAINST NATION'*


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**

**തീയതി:01/11/2022**

# "കൈക്കൂലി വാങ്ങുന്നതിനിടെ ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ വിജിലൻസ് പിടിയിൽ"

തിരുവനന്തപുരം ജില്ലയിലെ ലീഗൽ മെട്രോളജിയിലെ ഡെപ്യൂട്ടി കൺട്രോളർ ബി.എസ്. അജിത് കുമാർ പെട്രോൾ പമ്പ് ഉടമയിൽ നിന്നും 8000/- രൂപ കൈക്കൂലി വാങ്ങവേ വിജിലൻസ് പിടിയിലായി. പെട്രോൾ പമ്പുകളിൽ കൃത്യമായ അളവിൽ പെട്രോൾ വിതരണം നടത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്ക് ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥർ ഓരോ മൂന്ന് മാസത്തിലും പെട്രോൾ പമ്പിലെത്തി നോസ്സിലുകൾ പരിശോധിച്ച് സീൽ ചെയ്യേണ്ടതാണ്. ആക്കുളത്ത് പ്രവർത്തിക്കുന്ന നാഗരാജ് ആൻഡ് സൺസ് ഫ്യൂവൽ സ്റ്റേഷൻ ഉടമയായ ശ്രീ. സ്വരൂപ് പെട്രോൾ പമ്പിലെ ആറ് നോസ്സിലുകളും ഇപ്രകാരം പരിശോധിച്ച് സീൽ ചെയ്യുന്നതിലേയ്ക്ക് തിരുവനന്തപുരം പട്ടത്തുള്ള ലീഗൽ മെട്രോളജി ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പമ്പ് ഉടമയായ സ്വരൂപിനോട് ഡെപ്യൂട്ടി കൺട്രോളർ അജിത് കുമാർ പമ്പിൽ വന്ന് നോസ്സിൽ പരിശോധിക്കുമ്പോൾ "എന്തെങ്കിലും ചെയ്യണമെന്ന്" ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം സ്വരൂപ് തിരുവനന്തപുരം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. വിനോദ് കുമാറിനെ അറിയിക്കുകയും തുടർന്ന് വിജിലൻസ് സംഘം കെണിയൊരുക്കി കാത്തിരിക്കുകയും ഇന്നേ ദിവസം (01.11.2022) മൂന്ന് മണിയോടെ മറ്റ് അസിസ്റ്റന്റ് ഉദ്യോഗസ്ഥരുമായി ആക്കുളത്തുള്ള സ്വരൂപിന്റെ പെട്രോൾ പമ്പിലെത്തി ആറ് പെട്രോൾ നോസ്സിലുകൾ സീൽ ചെയ്ത ശേഷം കൂടെ വന്ന ഉദ്യോഗസ്ഥരെ മാറ്റി നിർത്തിയ ശേഷം സ്വരൂപിനോട് 12000/ രൂപ കൈക്കൂലിയായി ആവശ്യപ്പെടുകയാണുണ്ടായത്. "ഇപ്പോൾ 8000/- രൂപ മാത്രമേ ഉള്ളൂവെന്നും ബാക്കി പിന്നെ തരാമെന്നും" സ്വരൂപ് പറഞ്ഞതനുസരിച്ച് ആദ്യ ഗഡുവായി സ്വരൂപിന്റെ പക്കൽ നിന്നും 8000/- രൂപ കൈക്കൂലി വാങ്ങിയ വേളയിൽ വിജിലൻസ് ഉദ്യോഗസ്ഥർ ബി.എസ്. അജിത്ത് കുമാറിനെ കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ തിരുവനന്തപുരം യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ശ്രീ. വിനോദ് കുമാർ.ആർ-നെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. സനൽ കുമാർ. റ്റി.എസ്, സബ്ഇൻസ്പെക്ടറായ അജിത് കുമാർ കെ.വി, അസി. സബ് ഇൻസ്പെക്ടർമാരായ മധു.എസ്.വി, അനിൽകുമാർ.ബി.എം., സഞ്ജയ് കുമാർ പോലീസ് ഉദ്യോഗസ്ഥരായ സജേഷ് കുമാർ, പ്രേംദേവ്, ഹാംഷിം.എ, പ്രമോദ്, അനിൽകുമാർ, ഹാഷിം എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.